പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *366 — 26.06.2013 ന് മറുപടിയ്ക്ക്.

## അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) സ്ഥാപിച്ചിട്ടുണ്ട്. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായി 28.3.2012 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കമോ ; | (ബി) വ്യത്യസ്ത തൊഴിൽ മേഖലകളിൽ വിദഗ്ധ തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുക്കുന്നതിനായുള്ള തൊഴിൽ മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവ നടപ്പിൽ വരുത്തുന്നത് ഉറപ്പാക്കുക എന്നതാണ് ഈ അക്കാഡമിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) ഏതെല്ലാം പദ്ധതികളാണ് അക്കാഡമി വഴി നടപ്പിലാക്കിയിട്ടുള്ളത്; | (സി) ഈ അക്കാഡമി വഴി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചു. |
| (ഡി) ഏതെല്ലാം തൊഴിൽ മേഖലയിലാണ് ഇവ നടപ്പാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) അഭ്യസ്ത വിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി പരിശീലനം നൽകി സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ മേഖലകളിൽ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുക എന്നതാണ് എംപ്ലോയബിലിറ്റി സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ